(ബി) പ്രസ്തുത കാര്യത്തിൻമേൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും ഇതിലേക്കായുള്ള പ്രവൃത്തികൾ എന്ന് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) യാത്രക്കാർക്ക് ആവശ്യമായ ഏറ്റവും ആധുനികമായ ഏകദേശം 1400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള മൂത്രപ്പുരയുടെ എസ്റ്റിമേറ്റ് പൂർത്തിയായിട്ടുണ്ട്. ഗ്യാരേജിന്റെ കൂടുതൽ വികസനത്തിന്റെ ഭാഗമായി ഇൻസ്പെക്ഷൻ പിറ്റ്, വാഷിംഗ് റാംപ് എന്നിവയുടെ എസ്റ്റിമേറ്റുകൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റേഷൻ മാസ്റ്റർ ഓഫീസ്, ജീവനക്കാർക്കുള്ള വിശ്രമമുറി, പുതിയ ഗ്യാരേജിലേയ്ക്കുള്ള യാർഡിന്റെ ടാറിംഗ്, ചുറ്റുമതിൽ നിർമ്മാണം എന്നീ ജോലികൾക്കായി 2010-2011-ൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി ജോലികളുടെ ടെൻഡർ നടപടികൾ പൂർത്തിയായാൽ മാത്രമേ ടി പ്രവർത്തികൾ എന്ന് ആരംഭിക്കുമെന്ന് കൃത്യമായി പറയാൻ സാധിക്കുകയുള്ളൂ. ഡീസൽ പമ്പ് തുടങ്ങുന്നതിനുള്ള ജില്ലാ കളക്ടറിൽ നിന്നുള്ള അനുമതി, എക്സ്പ്ലോസീവ് ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള അനുമതി തുടങ്ങിയവ ലഭ്യമാക്കുകയും പമ്പ് സ്ഥാപിക്കുന്നതിനുള്ള പണികൾ തുടങ്ങാൻ IOC ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ചാത്തന്നൂർ ഡിപ്പോയിൽ നിന്നും ഭരണിക്കാവ്-വർക്കല റൂട്ടിൽ ചെയിൻ സർവ്വീസ് നടത്തുന്നതിന് നടപടി

244 (4033) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ ഡിപ്പോയിൽ നിന്നും ഭരണിക്കാവ്-വർക്കല റൂട്ടിൽ ചെയിൻ സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ബഹുജനങ്ങൾക്ക് വളരെ കൂടുതൽ യാത്രാ സൗകര്യങ്ങൾ നൽകുന്നതും കെ.എസ്.ആർ.ടി.സി.ക്ക് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതുമായ പ്രസ്തുത ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് തടസ്സങ്ങളെന്തെങ്കിലുമുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഭരണിക്കാവ്-വർക്കല റൂട്ടിൽ ചെയിൻ സർവ്വീസ് ആരംഭിക്കണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ആയത് സംബന്ധമായി സാദ്ധ്യതാപഠനം നടത്തുകയുണ്ടായി. സാദ്ധ്യതാപഠനത്തിൽ ലാഭകരമായി കെ. എസ്. ആർ. ടി. സി. ക്ക് സർവ്വീസ് നടത്തുവാൻ കഴിയുന്ന റൂട്ടാണ് ഇതെന്ന് വെളിപ്പെടുത്തുകയുണ്ടായി. എന്നാൽ ബസ്സിന്റെയും, ജീവനക്കാരുടെയും

LIBRARY ARCHIVES Kerala Legislative Assembly

കുറവ് അനുഭവപ്പെടുന്നതുകൊണ്ടാണ് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച തീരുമാനം എടുക്കുവാൻ കഴിയാതിരിക്കുന്നത്. ബസ്സും, ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ടി റൂട്ടിൽ ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം കെ. എസ്. ആർ. ടി. സി. പരിശോധിക്കുന്നതാണ്.

എടത്വാ ഡിപ്പോയിലേയ്ക്ക് തായങ്കരി വഴി പുതിയ ബസ് അനുവദിക്കുന്നതിന് നടപടി

245 (4034) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ ഏക കെ.എസ്.ആർ.ടി.സി. ഡിപ്പോയായ എടത്വാ ഡിപ്പോയിലേക്ക്, തായങ്കരി വഴി പുതിയ ഷെഡ്യൂൾ ആരംഭിക്കുന്നതിന് ബസ് അനുവദിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(ബി) എടത്വാ ഡിപ്പോയുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(സി) പുതിയ ഷെഡ്യൂളുകൾ ആരംഭിക്കുന്നതിന് എടത്വാ ഡിപ്പോ സമർപ്പിച്ച അപേക്ഷകളുടെ വിവരവും, ആയതിൻമേൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ ?

ഉത്തരം

(എ) തായങ്കരി വഴി ആലപ്പുഴ നിന്നും എടത്വായ്ക്ക് ഒരു സർവ്വീസും (4 ട്രിപ്പുകൾ) ചങ്ങനാശ്ശേരിയിൽ നിന്നും തായങ്കരി വഴി എടത്വായ്ക്ക് ഒരു സർവ്വീസും (6 ട്രിപ്പുകൾ) നിലവിലുണ്ട്. ബസ്സിന്റേയും, ജീവനക്കാരുടേയും കുറവ് അനുഭവപ്പെടുന്നതിനാൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) 2010-11 ഇൻഫ്രാസ്ട്രക്ചർ ഫണ്ടുപയോഗിച്ച് പുതിയ ബസ് സ്റ്റേഷൻ മന്ദിരം നിർമ്മിക്കുന്നതിനും നിലവിലുള്ള ഗ്യാരേജ് നവീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) തായങ്കരി റൂട്ടിലൂടെ പുതിയ ഷെഡ്യൂളുകൾ ആരംഭിക്കുന്നതിന് ബഹുമാനപ്പെട്ട കുട്ടനാട് എം. എൽ. എ. ശ്രീ. തോമസ് ചാണ്ടിയുടെ രണ്ട് നിർദ്ദേശങ്ങളും കെ. എസ്. ആർ. ടി. സി. എംപ്ലോയീസ് അസോസിയേഷന്റെ ഒരു അപേക്ഷയും, എസ്. ബി. വി. ലൈബ്രറി ആന്റ് റീഡിംഗ് റൂം, തായങ്കരിയുടെ ഒരു അപേക്ഷയും ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകൾ സാദ്ധ്യതാപഠനത്തിന് വിധേയമാക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ ബസ്സിന്റേയും, ജീവനക്കാരുടേയും കുറവ് അനുഭവപ്പെടുന്നതിനാൽ ടി റൂട്ടിലൂടെ പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly